# ഓരോ യുവാവിനും ഓരോ ചക്കക്കുരു

ഡി. പ്രദീപ് കുമാർ

'ഓരോ യുവാവിനും ഓരോ ചക്കക്കുരു!'. 'ഒരു കുട്ടിക്ക് ഒരു മരം' എന്ന സാമൂഹ്യ വനവൽക്കരണ മുദ്രാവാക്യം തന്നെയാണിതും. മരം ചക്കയുണ്ടാകുന്ന സാക്ഷാൽ പ്ലാവ് എന്ന് വ്യക്തമാക്കി എന്ന് മാത്രം.

പ്ലാവിനെപ്പോലെ ഉപകാരിയായ മരങ്ങൾ അത്യപൂർവ്വം. ചവിണിയും കുരുവും പോലും തിന്നാവുന്ന, ചുവന്ന, തേനൂറുന്ന, അതി മധുരമുള്ള 'ചെമ്പരത്തി വരിക്ക' മുതൽ വെറും കുഴച്ചക്ക വരെ എത്രയിനം ചക്കകൾ. ഇവയിൽ പലതും ഇന്ന് അന്യം നിന്ന് പോയി. ചക്ക ഉപ്പേരി, ചക്ക വറ്റൽ, ചക്ക വഴറ്റിയത്, ചക്കപ്പായസം തുടങ്ങി ചക്കയിൽ നിന്നും ഉണ്ടാക്കാവുന്ന എത്രയെത്ര വിഭവങ്ങൾ. ചീന, പാക്ക് യുദ്ധകാലങ്ങളിലും, ക്ഷാമകാലത്തുമൊക്കെ കേരളത്തിൽ പട്ടിണിമരണങ്ങളുണ്ടാകാതെ നമ്മുടെ പൂർവ്വികരെ സംരക്ഷിച്ച് നിർത്തിയ ഘടകങ്ങളിൽ ഒന്ന് ഈ പ്ലാവായിരുന്നു. പഴയ കാലത്തെ കൊതിയൂറുന്ന വിഭവങ്ങളായ ഇടിച്ചക്ക തോരനും, ചക്ക വേവിച്ചതും മത്തിക്കറിയുമായി ചേർത്ത് കഴിച്ചിട്ടുള്ളവർക്ക് പോഷകാംശക്കുറവ് പോലുമുണ്ടായിരുന്നില്ല. ചക്കക്കുരു-കൊഞ്ച് തീയലിന്റെ രുചിയെ വെല്ലാൻ ഈ മലയാളക്കരയിൽ എത്ര കറികളുണ്ട്?

ആയുർവേദം കല്പിച്ച ഔഷധഗുണങ്ങളെയും വെല്ലുന്ന മേന്മകൾ ചക്കയ്ക്കുണ്ടെന്ന് അർബുദഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. കാൻസർ കോശങ്ങളുടെ വളർച്ച തടയുന്ന ഘടകങ്ങൾ ചക്കക്കുരുവിൽ അടങ്ങിയിട്ടുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. കാൻസറിനെതിരായ മരുന്ന് കണ്ടെത്താൻ നടത്തുന്ന ഗവേഷണങ്ങളിൽ ചക്കയ്ക്ക് പ്രമുഖസ്ഥാനമാണുള്ളത്.

വഴിയരികിൽ ചക്കക്കുരു കുഴിച്ചിടാൻ ലോകബാങ്കിന്റെയോ, ജപ്പാന്റെയോ, ചൈനയുടേയോ വായ്പയോ, സാങ്കേതിക സഹായമോ, കൺസൾട്ടൻസിയോ ആവശ്യമില്ല. ആർക്കും ഓണത്തിനോ, സംക്രാന്തിക്കോ, ഗാന്ധിജയന്തിക്കോ, ശതാഭിഷേകത്തിനോ ഇഷ്ടം പോലെ ചക്കക്കുരു കുഴിച്ചിടാം. വേണമെങ്കിൽ, ഒരു ദിവസം കൊണ്ട് ഒരു കോടി ചക്കക്കുരു നട്ട് ഗിന്നസ് ബുക്കിലും ചാടിക്കയറാവുന്നതാണ്. (സ്കൂൾ കുട്ടികളെക്കൊണ്ട് ചക്കക്കുരു പാകി ലോകറിക്കാർഡ് സ്ഥാപിക്കാൻ മന്ത്രിക്കും സുവർണ്ണാവസരമുണ്ട്.)

നല്ല തേൻ വരിക്ക നട്ടാൽ കുഴ ഉണ്ടായേക്കുമെങ്കിലും സാരമില്ല. ആടും മാടും കടിച്ചാലും നൂറു ചക്കക്കുരുവിന് അമ്പത് പ്ലാവെങ്കിലും വളരുമെന്നുറപ്പ്! ആരും തിരിഞ്ഞുനോക്കിയില്ലെങ്കിലും, നാലഞ്ച് വർഷം കൊണ്ട് നല്ല വളർച്ചയെത്തും. ഇടയ്ക്ക് ശിഖരം കോതിക്കൊടുത്താൽ ഒറ്റത്തടിയായി തന്നെ മുകളിലേക്ക് പൊയ്ക്കോളും. കാർഷിക സർവ്വകലാശാലയുടെ മുട്ടം വരിക്കയാണെങ്കിൽ ഇക്കാലത്തിനകം കായ്ക്കും. സാധാ ഇനങ്ങളാണെങ്കിലും അഞ്ചാറ് വർഷം കൊണ്ട് നിറയെ ചക്ക പിടിക്കും. സ്കൂളുകൾക്കും, പഞ്ചായത്ത്-മുനിസിപ്പാലിറ്റികൾക്കും മറ്റും ചക്ക ലേലത്തിൽ കൊടുത്തോ വിറ്റോ നല്ല ആദായമുണ്ടാക്കാം.

**'എ.ഡി.ബി. ചക്ക – ചില എ.ബി.സി.ഡികളും' എന്ന കെ.ജി. ജ്യോതിർഘോഷിന്റെ ലേഖനത്തെ ('മാതൃഭൂമി', ആഗസ്റ്റ് 18)ക്കുറിച്ചുള്ള ചില ചിന്തകളാണിത്. ഇത് വെറുമൊരു 'മിഡിൽ പീസ്' കൊച്ചുവർത്തമാനമല്ല. പരാശ്രിത സമ്പദ് വ്യവസ്ഥക്കെതിരെ ഇന്ത്യൻ ജനത കണ്ടെത്തുന്ന അർത്ഥവത്തായ ബദൽ മാതൃകകളിലൊന്നാണ് ചക്കയെ മുൻ നിർത്തിയുള്ള ഈ ചിന്തകൾ.**

സീസൺ തുടങ്ങുന്ന സമയത്താണെങ്കിൽ വണ്ടിയിൽ കയറ്റി കൊച്ചിക്ക് പോയാലും മതി. ഒന്നാന്തരം വരിക്കച്ചക്കക്ക് 100 രൂപ കിട്ടും. അല്ലെങ്കിൽ, ലക്ഷദ്വീപിൽ പോകുന്ന കപ്പലുകൾ പുറപ്പെടുന്ന സമയത്ത് മട്ടാഞ്ചേരി വാർഫിൽ കൊണ്ടിറക്കിയാലും മതി. മോഹവില തന്ന് ദ്വീപുകാർ ചക്ക വാങ്ങിക്കൊണ്ടു പോയ്ക്കോളും! അല്ലെങ്കിൽ, നേരെ തമിഴ് നാട്ടിലേക്ക് കയറ്റി വിടുക. മഴക്കാലമായാൽ വെട്ടിക്കൊണ്ടു പോകാൻ കച്ചവടക്കാർക്ക് അങ്ങോട്ടു കാശുകൊടുക്കുന്നവർ ഇതൊക്കെ അറിയുന്നുണ്ടോ, ആവോ!

നമ്മുടെ നിരത്തുകൾക്കിരുവശവും പ്ലാവുകൾ നിറഞ്ഞു നിൽക്കുന്ന ആ ദൃശ്യമൊന്ന് സങ്കല്പിച്ചു നോക്കൂ. പച്ചപ്പട്ടുടുത്ത കേരളം, വെറും കവി ഭാവനയോ, ഗൃഹാതുരത്വമുണർത്തുന്ന നഷ്ടബോധമോ അല്ലെന്ന് നമുക്ക് ബോദ്ധ്യപ്പെടും. തെങ്ങിനെപ്പോലെ, കണ്ണിൽ എണ്ണയൊഴിച്ച് പ്ലാവിനെ സംരക്ഷിക്കേണ്ട. തിരിഞ്ഞ് നോക്കുക പോലും വേണ്ട. കുമ്പു ചീയലും, വണ്ടിന്റെ ആക്രമണവുമില്ല. മണ്ഡരിയെ പേടിക്കേണ്ട. പ്ലാവിലുണ്ടാകുന്നതെന്തും സർവ്വതന്ത്രസ്വതന്ത്രമായി കൈകാര്യം ചെയ്യാം. കുമ്പു ചെത്തി അല്പം മധുരക്കള്ളു കുടിക്കാമെന്നു വച്ചാൽ എക്സൈസ്കാരെ പേടിക്കേണ്ട കേരകർഷകനെക്കാൾ മനശാന്തിയുണ്ട്.

വരുന്നതൊന്നും വഴിയിൽ തങ്ങില്ല. പഴുത്ത് വീഴുന്ന പ്ലാവില കുത്തിയെടുത്ത് ആടിന് കൊടുക്കാം. ളുപ്പൊടിച്ച് കൊടുത്ത് അതിനെ വളർത്തുകയും ചെയ്യാം. മുന്തിയ ഇനം ആടുകളെ തന്നെ നാടൊട്ടുക്കും ഇങ്ങനെ ചെലവു കുറഞ്ഞ രീതിയിൽ വളർത്താം. ഔഷധ ഗുണമുള്ള, കൊഴുപ്പേറിയ നല്ല ആട്ടിൻ പാലാൽ കേരളം സമ്പന്നമാകും. മിൽമയും രക്ഷപ്പെടും. ആട്ടിൻ കാഷ്ഠം നല്ല വളമാണ്. അത് പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാം. അതാതിടങ്ങളിലെ വനിതാ സ്വയം സഹായസംഘങ്ങളെ ആട്ടുവളർത്തൽ ഏൽപ്പിക്കാവുന്നതാണ്.

കുരുവിയും, മൈനയും, തത്തയുമൊക്കെ പ്ലാവിൽ കൂടു കൂട്ടും. രാത്രി, പക്ഷികൾ ചേക്കേറും. സന്ധ്യ മയങ്ങിയാൽ നമ്മുടെ റോഡുകൾക്ക് വന്യചാരുത കൈവരും. കൊടും വേനലിലോ, യാത്രികർക്ക് കുളിരും തണലും നൽകും.....

പത്ത്-പതിനഞ്ച് വർഷം കഴിഞ്ഞാലോ? അന്നും ഖജനാവ് കാലിയാണെങ്കിൽ, ഈ പ്ലാവ് വെട്ടി വിൽക്കുകയും ചെയ്യാം. വെട്ടി മാറ്റുന്നതിന് മുമ്പ് പകരം ചക്കക്കുരു കുഴിച്ചിടണമെന്ന് മാത്രം. നല്ല കാതലുള്ള പ്ലാവിൻ തടിക്ക് ക്യു. മീറ്ററിന് എത്രയാണ് വിലയെന്ന് അറിയുമോ? ഒരു കിലോമീറ്ററിനുള്ളിൽ, നിരത്തു വക്കിലെ പ്ലാവ് മുറിച്ചു വിറ്റാൽ ഇന്നത്തെ കണക്കിൽ ലക്ഷക്കണക്കിന് രൂപയാണ് കിട്ടുക. നല്ല പ്ലാവിൻ തടിക്ക് വില കൂടുമെന്നല്ലാതെ ഒരു കാലത്തും ഇടിവുണ്ടാകില്ല.

- ഇത്രയൊക്കെ മഹത്വമുള്ള പ്ലാവല്ലേ, സത്യത്തിൽ, യഥാർത്ഥ കല്പവൃക്ഷം. നയാപൈസ മുതൽ മുടക്കില്ലാതെ ഇത്രയധികം ഫലം തരുന്ന മറ്റേത് വൃക്ഷമുണ്ട് ഈ ഉലകത്തിൽ?

അതുകൊണ്ട്, വേലയും കൂലിയുമില്ലാതെ ഇരിക്കുന്ന എല്ലാ ചെറുപ്പക്കാരോടും പറയാനുള്ളത് ഇതാണ്, ഇതു മാത്രമാണ്:

- ഓരോ യുവാവിനും ഓരോ ചക്കക്കുരു! നിരാശാഭരിതനായ മനുഷ്യാ, ചക്കക്കുരു കുഴിച്ചിടൂ, അതും ഒരായുധമാണ് - പരാശ്രിത സമ്പദ് വ്യവസ്ഥയ്ക്കെതിരായ അതിശക്തമായ ഒരു രാഷ്ട്രീയായുധം!